തൊഴിൽ കുഴപ്പങ്ങൾ.

* 328. [26] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ സംസ്ഥാനത്ത് തൊഴിൽ കുഴപ്പങ്ങളെ തുടർന്ന് എത്ര സ്ഥലത്ത് തൊഴിലാളികളെ കത്തിക്കുത്തു നടത്തിയിട്ടുണ്ട് ;

(ബി) ഇതിൽപ്പെട്ട് എത്രപേർ മരിച്ചിട്ടുണ്ട് ;

(സി) മരിച്ചവരുടെ പേരുവിവരം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി. സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : തൊഴിലാളിസമരങ്ങളെ തുടർന്ന് കോട്ടയത്തും പ്രാക്കുളത്തും എല്ലാം കത്തിക്കുത്ത് നടന്നിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലഹളകളും മരണങ്ങളും ഉണ്ടായിട്ടുണ്ട്. അതിൽ തൊഴിൽത്തർക്കങ്ങളിന്മേൽ ഉണ്ടായിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : തൊഴിൽത്തർക്കങ്ങളെ തുടർന്ന് ഉണ്ടായിട്ടില്ലേ എന്നാണ് ചോദിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരിക്കണം, പക്ഷേ ലേഖനമായിട്ട് അതിനു യാതൊരു ബന്ധവുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങിനെ എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

അലുമിനിയം ഫാക്ടറിയിലെ പുകയുടെ ശല്യം.

* 329. [27] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ആലുവാ അലുമിനിയം ഫാക്ടറിയുടെ സമീപമുള്ള പുരയിടമുടമസ്ഥന്മാരിൽനിന്നും ഫാക്ടറിയിൽനിന്നും പുറത്തേയ്ക്കു വിടുന്ന പുകയുടെ ശല്യംമൂലം കൃഷിനാശം സംഭവിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ഉണ്ട്.

(ബി) പരാതിയെ അടിസ്ഥാനമാക്കി വേണ്ട അന്വേഷണം നടത്തുകയുണ്ടായി. ഫാക്ടറിയിലെ പുകമൂലം കൃഷിനാശം വന്നതായി യാതൊരു തെളിവും കിട്ടിയിട്ടില്ല. എങ്കിലും ഈ സംഗതികളെപ്പറ്റി വിശദമായി അന്വേഷിച്ച് റിപ്പോർട്ടുചെയ്യുന്നതിന് 15-9-55-ൽ

LIBRARY ARCHIVES Kerala Legislative Assembly